# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: * 678 — 01.11.2011-ൽ മറുപടിക്ക്

## തീരദേശപ്രദേശങ്ങളിലെ സീവേജ് പദ്ധതികൾ

ശ്രീ. കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, ബെന്നി ബെഹനാൻ

മറുപടി

ശ്രീ. പി. ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) തീരദേശ പ്രദേശങ്ങളിൽ സീവേജ് പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) തിരുവനന്തപുരം സീവേജ് സിസ്റ്റത്തിൽ A,B,C,D,E,F,G എന്നിങ്ങനെ 7 ബ്ലോക്കുകളുണ്ട്. ഇതിൽ A മുതൽ E വരെയുള്ള ബ്ലോക്കുകളിൽ ചിലയിടങ്ങളിൽ ഭാഗികമാണെങ്കിൽ കൂടി ഭൂമിക്കടിയിലൂടെയുള്ള സീവേജ് സംവിധാനം നിലവിലുണ്ട്. തിരുവനന്തപുരം സീവേജ് സിസ്റ്റത്തിൽ F & G ബ്ലോക്കുകൾ തീരപ്രദേശമേഖലകളാണ്. ഇവിടെ സീവറേജ് സംവിധാനം നിലവിലില്ല, ഈ പ്രദേശങ്ങളിലേക്ക് സീവേജ് സംവിധാനം ഏർപ്പെടുത്തുന്നതിന് പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതിയായ ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുകയും ചെയ്തു. മറ്റു തീരപ്രദേശങ്ങളിൽ സ്വീവറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. |
| (ബി) നിലവിലുള്ള ഏതെല്ലാം പദ്ധതികൾ മുഖേനയാണ് ഇത് | (ബി) കേന്ദ്രഗവൺമെന്റിന്റെ ജവർഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ |

| | | | |
|---|---|---|---|
| | നടപ്പിലാക്കാനുദ്ദേശിക്കുന്നത്; | | മിഷൻ പദ്ധതി പ്രകാരമാണ് തിരുവനന്തപുരത്ത് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കു വേണ്ടി 81.77 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. |
| (സി) | സമയബന്ധിതമായി ഇത് പൂർത്തിയാക്കാൻ നടപടികൾ സ്വികരിക്കുമോ? | (സി) | സ്ഥലമെടുപ്പ് ആവശ്യമില്ലാത്ത ഭാഗങ്ങളെ 'G' ബ്ലോക്ക് എന്ന പേരിൽ മാറ്റി അവിടത്തെ ജോലികൾക്ക് ടെണ്ടർ ക്ഷണിച്ചു. ഇതിന്റെ വിലയിരുത്തൽ കഴിഞ്ഞ സമർപ്പിച്ച റിപ്പോർട്ട് 24.10.2011-ൽ കൂടിയ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അവശേഷിക്കുന്ന ഭാഗങ്ങളിലേക്ക് പമ്പ് ഹൗസുകളുടെ സ്ഥല മെടുപ്പ് പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ